ഡീസലിന് പകരം പ്രകൃതിവാതക സംവിധാനം ഉപയോഗിച്ച് സർവ്വീസ് നടത്തുന്ന കെ. എസ്. ആർ. ടി. സി. ഡിപ്പോ

230 (4019) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഡീസലിന് പകരം പ്രകൃതി വാതകം സംസ്ഥാനത്ത് ഏതെങ്കിലും കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പരീക്ഷിച്ചുനോക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

കെ. എസ്. ആർ. ടി. സി. യുടെ ഒരു ഡിപ്പോകളിലും ഡീസലിന് പകരം പ്രകൃതിവാതകം പരീക്ഷിച്ച് നോക്കിയിട്ടില്ല.

സർക്കാർ വാഹനങ്ങളുടെ പുക പരിശോധനയ്ക്ക് നടപടി

231 (4020) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. അടക്കമുള്ള സർക്കാർ വാഹനങ്ങളുടെ പുക പരിശോധനയ്ക്കും അവയുടെ ഉപയോഗക്ഷമത പരിശോധനയ്ക്കും എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് ; ഇത് എല്ലാ വകുപ്പുകളിലെ വാഹനങ്ങളുടെ കാര്യത്തിലും കൃത്യമായി പാലിക്കാറുണ്ടോ ;

(ബി) എല്ലാ വാഹനങ്ങളും കർശന പരിശോധനയ്ക്ക് വിധേയമാക്കുമോ ?

ഉത്തരം

(എ) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 115(7) അനുസരിച്ച് വാഹനം രജിസ്റ്റർ ചെയ്ത് ഒരു വർഷം കഴിയുന്ന ദിവസം മുതൽ പ്രസ്തുത വാഹനത്തിന് സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരമുള്ള ഏതെങ്കിലും പുക പരിശോധനാ കേന്ദ്രത്തിൽ നിന്നു നല്കുന്ന പുക പരിശോധനാ സർട്ടിഫിക്കറ്റ് നിർബന്ധമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിന്റെ കാലാവധി 6 മാസമാണ്. മാത്രമല്ല ഈ സർട്ടിഫിക്കറ്റ് വാഹനത്തിൽത്തന്നെ സൂക്ഷിക്കുകയും പരിശോധനാ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നപക്ഷം ഇത് ഹാജരാക്കുകയും വേണം. കെ. എസ്. ആർ. ടി. സി. അടക്കമുള്ള സർക്കാർ വാഹനങ്ങൾ വാർഷികമായിട്ടുള്ള സി. എഫ്. ടെസ്റ്റിനും, മറ്റ് സേവനങ്ങൾക്കുമായി മോട്ടോർ വാഹന വകുപ്പിനെ സമീപിക്കുന്ന സമയത്തും വാഹന ചെക്കിംഗിനിടയിലും വാഹനത്തിന് സാധുതയുള്ള പുക പരിശോധനാ സർട്ടിഫിക്കറ്റ് ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. എല്ലാ വകുപ്പുകളിലെ വാഹനങ്ങളുടെ കാര്യത്തിലും ഇത് പാലിക്കാറുണ്ട്.

(ബി) വാഹനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾക്കായി മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള ഓഫീസുകളെ സമീപിക്കുന്ന സമയത്ത് പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങൾക്ക് സാധുതയുള്ള പുക പരിശോധനാ സർട്ടിഫിക്കറ്റ് ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. സി. എഫ്. ടെസ്റ്റ് സമയത്തും ചെക്കിംഗ് സമയത്തും പുക പരിശോധനാ സർട്ടിഫിക്കറ്റ് ഉണ്ടോ എന്ന് കർശനമായി പരിശോധിക്കുകയും ആയത് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

ഡീസലിന് പകരം ബദൽ ഇന്ധന സ്രോതസ്സ് സംവിധാനം

232 (4021) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീസൽ വില വർദ്ധന കണക്കിലെടുത്ത് ബദൽ ഇന്ധനസ്രോതസ്സുകളെക്കുറിച്ച് ആരായാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച് ഗവേഷണ പ്രവർത്തനങ്ങളെന്തെങ്കിലും നടത്താൻ ആലോചനയുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഡീസൽ വില വർദ്ധനയുടെ പേരിൽ ഉണ്ടാകുന്ന ഏതുവിധത്തിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി. ഉപയോഗിക്കുന്ന ഡീസലിന് വിലവർദ്ധന മൂലം നികുതിയിനത്തിൽ സംസ്ഥാനസർക്കാരിന് ലഭിക്കുന്ന അധിക വരുമാനം കെ.എസ്.ആർ.ടി.സി.ക്ക് ധനസഹായമായി നൽകാൻ ആവശ്യപ്പെടുമോ ;

(ഡി) എൽ.പി.ജി. ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. ബസ് ഓടിക്കാൻ സംവിധാനം ഉണ്ടോ ; ഇല്ലെങ്കിൽ പുതുതായിറക്കുന്ന ബസ്സുകളിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) സി. എൻ. ജി. 2012-ൽ കേരളത്തിൽ ലഭ്യമാകുന്ന മുറയ്ക്ക് കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ സി. എൻ. ജി. ഇന്ധനമായി ഉപയോഗിക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ട്. ഇതിനായി 2012, 2013 വർഷങ്ങളിൽ കെ. എസ്. ആർ. ടി. സി. ക്ക് ആവശ്യമായ ഉപഭോഗ തോത് KSIDC, GAIL എന്നിവരേയും അറിയിച്ചിട്ടുള്ളതാണ്. ഗവേഷണപ്രവർത്തനങ്ങൾ നടത്താൻ KSRTCക്ക് ഇപ്പോൾ സാഹചര്യമില്ല.

(ബി) കെ. എസ്. ആർ. ടി. സി. പ്രതിദിനം ശരാശരി 4 ലക്ഷം ലിറ്റർ ഡീസൽ ഉപയോഗിക്കുന്നുണ്ട്. ഇപ്പോഴത്തെ വർദ്ധനവായ ലിറ്ററിന് 2.09 രൂപയുടെ ചെലവ് നിമിത്തം കെ. എസ്. ആർ. ടി. സി. ക്ക് പ്രതിമാസം 2.50 കോടി രൂപയുടെ അധികബാദ്ധ്യതയുണ്ടായി. അധികബാദ്ധ്യത സർക്കാരിൽ നിന്ന് ലഭ്യമാക്കണമെന്ന ആവശ്യം പരിശോധിച്ചുവരുന്നു.

(സി) ഡീസൽ വില വർദ്ധനവുമൂലമുള്ള അധികബാദ്ധ്യത കെ. എസ്. ആർ. ടി. സി. ക്ക് താങ്ങാവുന്നതിലും അപ്പുറമായതിനാൽ ടി ബാദ്ധ്യതയ്ക്കു തുല്യമായി സർക്കാർ സഹായം നൽകണമെന്ന് കെ. എസ്. ആർ. ടി. സി. ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly